"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല- കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ സീനിയർ ക്ലാർക്ക് - ശ്രീ.സതീഷ് കുമാർ പി.എസ് - വിവിധ കാലയളവുകളിലുള്ള അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2064/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2023ലെ LSGD/PD/36886/2023-DEC1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് സതീഷ് കുമാർ പി.എസ് -ന്റെ ചുവടെ ചേർത്തിരിക്കുന്ന കാലയളവിലെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും തുടർനടപടിക്കായി പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

| ക്രമനം | സേവനത്തിൽ നിന്ന് വിട്ടു നിന്ന കാലയളവ് | ദിവസം |
|---|---|---|
| 1 | 25.08.2009 മുതൽ 24.02.2010 വരെ | 184 ദിവസം |
| 2 | 17.12.2012 മുതൽ 30.06.2013വരെ | 196ദിവസം |
| 3 | 24.12.2013 മുതൽ 05.12.2019 വരെ | 2173 ദിവസം |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ.സതീഷ് കുമാർ പി.എസ് അനധികൃതഹാജരില്ലായ്മയിലായിരുന്ന 25.08.2009 മുതൽ 24.02.2010 വരെയും , 17.12.2012 മുതൽ 30.06.2013 വരെയും 24.12.2013 മുതൽ 05.12.2019 വരെയും ടി കാലയളവുകൾ ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും , അവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ലാത്തതിനാൽ 06.12.2019 മുതൽ ടിയാൾ മരണപ്പെട്ട തീയതിയായ 22.06.2023 വരെയുള്ള കാലയളവുകൾ ഇൻക്രിമെന്റ് ,ഹയർഗ്രേഡ് , പെൻഷൻ , ആർജ്ജിത അവധി എന്നിവയക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം I , ചട്ടം 88 (iii) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും ശൂന്യവേതനാവധി അനുവദിച്ച് ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം (സതീഷ് കുമാർ പി എസ് -ന്റെ സേവന പുസ്തകം സഹിതം)

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.സതീഷ് പി എസ് ന്റെ അനന്തരാവകാശികൾക്ക് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് (18.08.2022ലെ e-2535662/ഡെവ-1/141/2023-ധന നമ്പർ യു ഒ റിമാർക്ക്സ് പ്രകാരം)

8.ഡയറക്ടർ . ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.149/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 20-08-2025 12:39:19